23.07.2018

## നാല് മ്യൂസിക് വീഡിയോകൾ ഉൾപ്പെടെ ഇന്ന് (24.07.18) 23 ചിത്രങ്ങൾ

രാജ്യാന്തര ഹ്രസ്വ ചിത്രമേളയുടെ അവസാന ദിനമായ ഇന്ന് ഒൻപത് വിഭാഗങ്ങളിലായി 23 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ആനന്ദ് പട്വർദ്ധന്റെ മൂന്ന് മ്യൂസിക് വീഡിയോകളും ഒരു ഡോക്യുമെന്ററിയും ഇതിൽ ഉൾപ്പെടും. യു കാൻ ഡിസ്ട്രോയ് ദ് ബോഡി, റിബൺസ് ഫോർ പീസ്, വി ആർ നോട്ട് യുവർ മങ്കീസ്, പ്രിസണേഴ്സ് ഓഫ് കൺസെയ്ൻസ് എന്നീ ചിത്രങ്ങളാണ് റിബൽ വിത്ത് എ കോസ് വിഭാഗത്തിൽ പ്രദർശിപ്പിക്കുക.

ദക്ഷിണകൊറിയൻ ചിത്രം ബിലവ്ഡ്, സ്പാനിഷ് ചിത്രം ദ് ബീറ്റിൽ അറ്റ് ദ് എൻഡ് ഓഫ് ദ് സ്ട്രീറ്റ്, ഫ്രഞ്ച് ചിത്രം ഡിമൺസ് ഇൻ പാരഡൈസ് തുടങ്ങിയ പത്ത് ചിത്രങ്ങളാണ് രാജ്യാന്തര വിഭാഗത്തിൽ ഇന്ന് പ്രദർശിപ്പിക്കുന്നത്. ദ് പെർവെർട്ട്സ് ഗൈഡ് ടു സിനിമയാണ് സിനിഫീലിയ വിഭാഗത്തിലെ ഇന്നത്തെ ചിത്രം. ഹാരോൾഡ് ആന്റണി പോൾസൺ സംവിധാനം ചെയ്ത കുഴിമന്തി, മണിലാൽ പടവൂരിന്റെ ജോർജ് ജോൺ - സ്പിരിറ്റ് ഓഫ് എയ്റ്റീസ് എന്നിവയാണ് ഇന്ന് പ്രദർശിപ്പിക്കുന്ന മലയാള ചിത്രങ്ങൾ.

## ഭീഷണികൾക്ക് മുന്നിൽ വഴങ്ങരുതെന്ന് പ്രദീപ്

ഭീഷണികളേയും എതിർപ്പുകളേയും മറികടന്ന് ആശയങ്ങൾ അവതരിപ്പിക്കാൻ കലാകാരന്മാർക്ക് കഴിയണമെന്ന് നമ്മ ഗൗരി എന്ന ചിത്രത്തിന്റെ സംവിധായകൻ കെ.പി പ്രദീപ്. ഉറ്റസുഹൃത്തും എഴുത്തുകാരിയുമായ ഗൗരി ലങ്കേഷിന്റെ കൊലപാതകം തന്നെ വളരെയേറെ വേദനിപ്പിച്ചു. ഇത്തരമൊരു സമൂഹത്തിൽ ജീവിക്കാൻ ഉത്കണ്ഠയുണ്ടെന്നും അദ്ദേഹം മീറ്റ് ദ പ്രസിൽ പറഞ്ഞു.

സിനിമാരംഗവുമായി യാതൊരു ബന്ധവുമില്ലെന്നും താനൊരു കർഷകനാണെന്നും ജോവർ ഗാഥ യുടെ സംവിധായകൻ ലക്ഷ്മി നാരായണൻ ദേവ്ധ പറഞ്ഞു. റാന്തലിന്റെ സംവിധായകൻ സുചിത് ഗോവിന്ദൻ, ഡോങ്കിയുടെ സംവിധായകൻ ജയ ശർമ, അപ് ഡൗൺ ആന്റ് സൈഡ്വെയ്സിന്റെ സംവിധായകരായ

അനുഷ്ക മീനാക്ഷി, ഈശ്വർ ശ്രീകുമാർ, പ്രോബബ്ലിയുടെ സംവിധായകൻ ഗൗരവ് മദൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## പാകിസ്ഥാൻ രാഷ്ട്രീയത്തിൽ അലിഞ്ഞ് നാലാം ദിനം

പാകിസ്ഥാനിൽ അസ്ഥിരമായ ഭരണസംവിധാനത്തെക്കുറിച്ചും മുൻ പ്രസിഡന്റ് പർവേസ് മുഷാറഫിന്റെ ജീവിതത്തെക്കുറിച്ചുമുള്ള സമഗ്രചിത്രമായ 'ഇൻഷാ അള്ളാഹ് ഡെമോക്രസി' നാലാം ദിനത്തിൽ പ്രേക്ഷക ഹൃദയം കീഴടക്കി. മുഷാറഫിനൊപ്പം നാലുവർഷം സഞ്ചരിച്ചാണ് സംവിധായകനായ മുഹമ്മദ് നഖ്വി ചിത്രമൊരുക്കിയത്. ഇറാനിൽ നിന്ന് എത്തിയ എട്ട് ലഘു ചിത്രങ്ങളുടെ പ്രദർശനവും നിറഞ്ഞ സദസ്സിലായിരുന്നു. സാമൂഹിക ജീവിതത്തിന്റെ പരിച്ഛേദമായിരുന്നു ഈ ചിത്രങ്ങളുടെ പ്രമേയങ്ങൾ.

മലയാളി സംവിധായകരായ രാജേഷ് ഭാസ്കരന്റെ മാനുഷരെല്ലാരുമൊന്നുപോലെ, സാനു കുമിളിന്റെ ചായക്കടക്കാരന്റെ മൻ കി ബാത്ത്, റോബിൻ അലക്സിന്റെ സമശീതോഷ്ണാവസ്ഥ, അനിമേഷൻ ചിത്രങ്ങളായ പിസ്ഡ് ഓഫ്, സർവൈവൽ എന്നിവയും പ്രേക്ഷകപ്രീതി നേടി. 9/11 ന്റെ പശ്ചാത്തലത്തിൽ അമേരിക്കൻ സ്കൂളിൽ നടന്ന വെടിവെയ്പിനെ ആധാരമാക്കി റീഡ് വാൻ ഡെയ്ക് സംവിധാനം ചെയ്ത ലഘുചിത്രം ദേക് ലാബ് എലമെന്ററി, ഹോമേജ് വിഭാഗത്തിൽ പ്രദർശിപ്പിച്ച 'കഥാർസിസ്' എന്നിവയും ശ്രദ്ധേയമായി. 2